ഹൗസ് ഫുൾ

വേദികൾ നിറഞ്ഞ് കാഞ്ഞങ്ങാട്



വിന്ദുജ മേനോൻ മുഖ്യ വേദിയിൽ മത്സരങ്ങൾ കാണുന്നു.

തിലകവും പ്രതിഭയും പുനഃസ്ഥാപിക്കണം: വിന്ദുജ മേനോൻ

കാഞ്ഞങ്ങാട് ● വിന്ദുജയെത്തി സിനിമാ താരമായല്ല. 1991 ൽ കാസർകോട് നടന്ന സംസ്ഥാന കലോത്സവത്തിലെ കലാതിലകമായി. തിരുവനന്തപുരവും കാസർകോടും തമ്മിലുള്ള ദൂരത്തെ പഴി ചൊല്ലി മടിച്ചുമടി വർഷങ്ങൾക്കു മുൻപൊത്തിയതെങ്കിൽ, ഇന്നലെ വന്നതു ഹൃദയം കൊണ്ട് ഏറ്റവുമടുത്തയിടത്തേക്ക്. 'ദൂരക്കൂടുതൽ കാരണം മത്സരത്തിൽ പങ്കെടുക്കാൻ ഒരു ചെറിയ മടി അന്നുണ്ടായിരുന്നു. എന്നാൽ ആ മത്സരം സമ്മാനിച്ചതു ജീവിതത്തിൽ മറക്കാനാകാത്ത നാളുകളാണ്.' വിന്ദുജ പറയുന്നു.

അന്നത്തെ കലോത്സവത്തിൽ അനുഭവിച്ച കാസർകോടൻ നന്മകൾ ഇന്നുമവരുടെ മനസ്സിലുണ്ട്. താമസിക്കാനായി വിട്ടുകളിലേക്കു ക്ഷണിച്ച്, വിട്ടുകാർ തുറന്നിടുന്ന വാതിലുകളും കാസർകോട്ടെ അമ്മമാർ വീടുകളിൽ പാചം ചെയ്തു വെയിനിലേക്കു പൊതിഞ്ഞെത്തിച്ചിരുന്ന ഭക്ഷണങ്ങളുമൊക്കെ പഴയ കലാതിലകം വിന്ദുജ ഓർമിച്ചു. ഇന്നലെ മിക്ക വേദികളിലുമെത്തിയ താരം ഇന്നു കലോത്സവം തീർന്ന ശേഷമേ മടങ്ങൂ.

> ''കലോത്സവങ്ങളിൽനിന്ന് എടുത്തു മാറ്റിയ കലാതിലകം, കലാപ്രതിഭ പട്ടങ്ങളും മത്സരയിനങ്ങളിലെ ആദ്യ മൂന്ന് സ്ഥാനങ്ങളും തിരികെ കൊണ്ടുവരണം. ചില പോരായ്മകളുണ്ടെങ്കിലും ഇവയ്ക്ക് അതിലേറെ നല്ല വശങ്ങളുമുണ്ട്. കലോത്സവ നാളുകളിലെ ആസ്വാദനോഷം കുട്ടികൾക്ക് അവകാശപ്പെട്ടതാണ്.''
>
> **വിന്ദുജ മേനോൻ**

പാതി ഗോളവും മാളങ്ങളും കഥാപാത്രങ്ങളായി

'കറുത്ത കോഴ്സ് യെന്ന നാടകത്തിൽ മുഖ്യ കഥാപാത്രമായതു മാളങ്ങൾ നിറഞ്ഞ പാതി ഗോളം

കാഞ്ഞങ്ങാട് ● മാളങ്ങളിൽനിന്നു വേദിയിലേക്കായിരുന്നു കോട്ടയം സെന്റ് ആൻസ് സ്കൂളിലെ നാടകസംഘത്തിന്റെ വരവ്. 'കറുത്ത കോഴ്സ്' യെന്നു പേരിട്ട നാടകത്തിലെ മുഖ്യ കഥാപാത്രമായതു വെറി നിറഞ്ഞ, മാളങ്ങൾ നിറഞ്ഞ പാതി ഗോളം. കഴിഞ്ഞ സംസ്ഥാന കലോത്സവത്തിൽ നാടകത്തിനായി വേദിയിലൊരുന്ന പുതിയ ഓട്ടോറിക്ഷ നിർമിച്ച ജിനേഷ് ആമ്പല്ലൂരാണു കറുത്ത കോഴ്സുടെ സംവിധായകൻ.

ജാതീയത പ്രമേയമാവുന്ന നാടകത്തിൽ ഭൂമിയായും മാൻ ഹോളായുമാണ് ആദ്യാവസാനം പാതിഗോളം വേഷമിടുന്നത്. നാടകത്തിലെ 7 കഥാപാത്രങ്ങളും ഇറങ്ങിവരുന്നത് ഇതിലെ മാളങ്ങളിൽ നിന്ന്.

4 പുരുഷ കഥാപാത്രങ്ങളുള്ള നാടകത്തിൽ മുഴുവൻ വേഷങ്ങളിലും എത്തുന്നതും പെൺകുട്ടികളാണ്. അനിമേഷൻ ഡിസൈനർ കൂടിയായ ജിനേഷ് ഡിസൈൻ ചെയ്തതു പോലെ സുഹൃത്ത് പാതിഗോളം നിർമിച്ചു നൽകുകയായിരുന്നു. അൻപതിനായിരം രൂപയിലധികം ചെലവായി.

ഹയർ സെക്കൻഡറി വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ ചെമ്മനാട് ജമാ അത്ത് എച്ച്എസ്എസ് ടീം.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർ സെക്കൻഡറി വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ തലശ്ശേരി മുബാറക് എച്ച്എസ് എസ് ടീം.

കലോത്സവം എങ്ങനെ മാറണം? ഞങ്ങൾ പറയട്ടെ

ഇങ്ങനെ പോരാ

കലോത്സവ മാനമ് ഉടൻ പരിഷ്കരിക്കുമെന്നു വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ്. എന്തൊക്കെ മാറ്റങ്ങൾ വരണമെന്ന് കലോത്സവ താരങ്ങൾക്കും പറയാനില്ലേ ഉണ്ട്; അവരുടെ വാക്കുകൾക്കു കാതോർക്കുകയാണ് മനോരമ ലേഖകർ. ഇന്ന് കലോത്സവം അവസാനിക്കുന്നതോടെ ഈ മേഖലയോടു വിടപറയുന്ന പ്ലസ്ടു തലത്തിലുള്ള അനുഭവസ്ഥരായ മത്സരാർഥികൾ പറയുന്ന നിർദേശങ്ങൾ വിദ്യാഭ്യാസ വകുപ്പിനു സമർപ്പിക്കുന്നു.

സംഘാടനത്തിലും വേണം മാറ്റങ്ങൾ

സാൻജോ ഡാൻ പ്രസാദ്

വേദിക്ക് എത്ര വലുപ്പം വേണം, ശബ്ദസംവിധാനത്തിലെ മികവ്, വെളിച്ചത്തിന്റെ തോത് ഇവ പലപ്പോഴും പലതാണ്. ഇതിൽ വ്യക്തതയായ നിർദേശം വേണം. ഞങ്ങൾ അവതരിപ്പിക്കുന്ന കല അതേ മികവോടെ പലപ്പോഴും കാണികളിലെത്തിക്കാൻ സംഘാടകർക്കു കഴിയുന്നില്ല. വാദ്യോപകരണങ്ങളിൽ പാശ്ചാത്യം, പൗരസ്ത്യം എല്ലാത്തിനും മാർക്കിടുന്നത് ഒരേ ആളുകളാണ്. അതുപോരാ.

സാൻജോ ഡാൻ പ്രസാദ്
(വയലിനിൽ തുടർച്ചയായി അഞ്ചാം വർഷവും എ ഗ്രേഡ്)
(സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ, കോഴഞ്ചേരി, പത്തനംതിട്ട)

എല്ലാറ്റിനും എ ഗ്രേഡ് പാടില്ല

എ. അഭിനന്ദ്

മത്സരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണം. ഏതുവിധേനയും സംസ്ഥാനതലത്തിൽ എത്തിയാൽ എ ഗ്രേഡ് കിട്ടുമെന്ന സ്ഥിതിയായി. അതിനാലാണ് അപ്പീലുകളും മറ്റുമായി സംസ്ഥാനമത്സരത്തിൽ എത്തിപ്പെടാൻ ഇത്ര ബഹളം.

എ. അഭിനന്ദ്,
മോണോ ആക്ട് മത്സരാർഥി
കണ്ണൂർ മമ്പിൽ കെപിസിഎച്ച്എസ്എസ്.

പല്ലവി ആർ. നായർ

നൃത്ത ഇനങ്ങൾക്ക് വൈവ ഏർപ്പെടുത്തണം

നൃത്തത്തോടു മത്സരാർഥിക്ക് യഥാർഥത്തിലുള്ള താൽപര്യവും അറിവും വെളിപ്പെടണം. 10 മിനിറ്റ് മൊഡ്യൂൾ പരിശീലിച്ചു മാത്രം വരുന്നതാണ് കലോത്സവത്തിലെ കല. അതുപോര. വേദിയിൽ കളിക്കുന്ന കുട്ടികൾക്കു പലപ്പോഴും പാട്ടു വ്യക്തമായി കേൾക്കാൻ പോലുമാവുന്നില്ല. ജില്ലാതലത്തിൽ പോലും കർട്ടനില്ലാതെ മത്സരിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതി മാറണം.

പല്ലവി ആർ. നായർ
(മോഹിനിയാട്ടത്തിലും കേരളനടനത്തിലും നാലാം വർഷം തുടർച്ചയായി എ ഗ്രേഡ്)
എൻഎസ്എസ് എച്ച്എസ്എസ്,
കവിയൂർ, പത്തനംതിട്ട

സ്ത്രീസൗഹൃദമാക്കണം

പെൺകുട്ടികളുടെ നൃത്ത ഇനങ്ങൾ പീഡനമായി മാറരുത്. എത്ര പരിഷ്കാരങ്ങൾ വന്നിട്ടും ഇപ്പോഴും മേയ്ക്കപ്പിട്ട് ചിലപ്പോൾ പകൽ മുഴുവൻ ഇരിക്കേണ്ടി വരുന്നുണ്ട്. മത്സരവേദി കളോടു ചേർന്നു പെൺകുട്ടികൾക്കു ശുചിമുറി സംവിധാനം വേണം.

ജെ. സയാനയും സംഘവും.
(സെന്റ് ജോസഫ്സ് കോൺവന്റ് ജിഎച്ച്എസ്എസ്, കൊല്ല)

ജെ. സയാനയും സംഘവും.

അപ്പീൽ തിരുമാനം രണ്ടുനാൾ മുൻപ് തീർക്കണം

ധനുഷ് മോഹൻ

മുൻപ് സംസ്ഥാനതലത്തിൽ മികവുകാട്ടിയ കുട്ടിക്ക് ജില്ലാ മത്സരത്തിൽ പത്താംസ്ഥാനം. പരെ കിട്ടിയ അനുഭവമുണ്ട്. വിധിനിർണയത്തിലെ പ്രശ്നങ്ങളാണിതെല്ലാം.അപ്പീൽ അനുവദിക്കാനുള്ള അധികാരം വിദ്യാഭ്യാസ വകുപ്പിനു മാത്രമായി നിജപ്പെടുത്തണം. കലോത്സവപ്രഖ്യാപിക്കുന്നതിനു രണ്ടുനാൾ മുൻപ് അപ്പീൽ തീർപ്പാക്കണം. അവസാനനിമിഷം മുൾമുനയിൽ നിർത്തുന്നതെന്തിന്?.

ധനുഷ് മോഹൻ (അഞ്ചുവർഷമായി ഭരതനാട്യത്തിൽ സംസ്ഥാനത്തു മത്സരിക്കുന്നു) സെന്റ് അലോഷ്യസ് എച്ച്എസ്എസ്, കൊല്ല.

മേഖല അടിസ്ഥാനത്തിൽ വിഭജിക്കണം

കെ.വി.അമ്പിളി

സംസ്ഥാനതലത്തിലേക്കു മത്സരിക്കാൻ ഒരാൾക്കുമാത്രം അവസരമെന്നതാണ് ജില്ലാ മത്സരങ്ങളിലെ സമ്പർദ്ദത്തിനും അപ്പീൽ നടപ്പാക്കുന്നതിനുമൊക്കെ കാരണം. കലോത്സവം മേഖലാ അടിസ്ഥാനത്തിൽ വിഭജിച്ചു നടത്തണം.

കെ.വി.അമ്പിളി (അഞ്ചുവർഷം തുടർച്ചയായി നൃത്ത ഇനങ്ങളിൽ മത്സരിച്ചു) കുടാളി എച്ച്എസ്എസ്, കണ്ണൂർ.

ഹൈസ്കൂൾ പെൺകുട്ടികളുടെ കേരളനടനത്തിൽ എ ഗ്രേഡ് നേടിയ ശോഭ കൃഷ്ണ (കാസർകോട് ചട്ടഞ്ചാൽ എച്ച്എസ്എസ്)

പ്രളയസാഗരം കടന്ന് കോൽകളിയുടെ ചടുലതാളങ്ങൾ

കാഞ്ഞങ്ങാട് ● സർവവും കവർന്നെടുത്ത രണ്ടുപ്രളയങ്ങളുടെ നിറുന്ന ഓർമകൾക്കുമേൽ ചുവടുറപ്പിച്ചാണ് അക്കാലി ഡിപോൾ സ്കൂൾ കോൽകളിയുടെ ചടുലതാളവുമായി അരങ്ങിലെത്തിയത്. ടീമിലെ 12 പേരിൽ 7 പേരെയും രണ്ട് മഹാ പ്രളയങ്ങൾ ബാധിച്ചു വരാണ്. കഴിഞ്ഞ വർഷം പരിശീലനം തുടങ്ങിയത് മന്നര മാസത്തിലേറെ.

വീടിന്റെ മേൽത്തട്ടോളം വെള്ളമുയർന്നപ്പോഴും പരിശീലനം. മുടങ്ങിയപ്പോഴും ടീമിലെ ഒരാളുടെ പോലും മനസ്സു തളർന്നില്ല.

ഹൈസ്കൂൾ മുതൽ മാത്രം കോൽക്കളി പഠിച്ചു തുടങ്ങിയ കുട്ടികളാണിവർ. മുഹമ്മദ് നഫീസ്, അഭിനവ് ഷൈജു, എഡിൻ ജോമി, അമൽ ടി.ദൈസമൺ, അമിത് കെ.ബൈജു, മുഹമ്മദ് അഫീദ് തുടങ്ങി ടീമംഗങ്ങളിൽ പലരും പ്രളയകാലത്ത് ദുരിതാശ്വാസ ക്യാംപുകളിലും ബന്ധുവീടുകളിലും അഭയം തേടിയവർ.

മഴ തോർന്നപ്പോൾ ചിട്ടയായ പരിശീലനം. സാമ്പത്തിക പ്രയാസമുള്ള കുട്ടികളുടെ അവസ്ഥയറിഞ്ഞ് കൈത്താങ്ങായ അധ്യാപകർ. താളം തെറ്റാതെ പാട്ടുമായി കുട്ടികൾ ചുവടുവച്ചപ്പോൾ തുടർച്ചയായ രണ്ടാം വർഷവും എ ഗ്രേഡ്. കോൽകളിയെക്കുറിച്ച് സമഗ്രമായ ഗ്രന്ഥം രചിച്ച ബിരാൻ കോയ ഗുരുക്കളാണ് പരിശീലകൻ.

മുരുകലക്ഷ്മി പറഞ്ഞു, മനുഷ്യത്വത്തിനു വിലയുണ്ട്

മുരുകലക്ഷ്മി

കാഞ്ഞങ്ങാട് ● ജീവിതപ്രതിസന്ധികളേക്കാൾ വലുതാണു മനുഷ്യത്വമെന്നു മുരുകലക്ഷ്മി പറയും. അതുപ്രസ്താവിച്ചതു ഹൈസ്കൂൾ വിഭാഗം. തമിഴ് പ്രസംഗത്തിൽ വയനാട് മേപ്പാടി ജിഎച്ച്എസ്എസിലെ വിദ്യാർഥിനിമുരുകലക്ഷ്മി എ ഗ്രേഡ് നേടിയത്. പക്ഷാഘാതം മൂലം 2 വർഷമായി തളർന്നു കിടക്കുന്ന അച്ഛനരികിൽനിന്നാണു മുരുകലക്ഷ്മി വരുന്നത്. 'മനുഷ്യനും മനുഷ്യത്വവും' എന്നതായിരുന്നു പ്രസംഗത്തിന്റെ വിഷയം. അമ്മയുടെ തുച്ഛവരുമാനത്തിൽ മുന്നോട്ടു പോകുന്ന കുടുംബത്തിൽ മനുഷ്യത്വം എന്ന വാക്കിനു വലിയ വിലയുണ്ട്. 3 ചെറുപ്രായക്കാരി ഒരനിയനും അങ്ങേയറ്റം കുടുംബപുലർത്തുന്നതു ചെരിപ്പുകടയിൽ ജോലി ചെയ്ത് അമ്മയ്ക്കു ലഭിക്കുന്ന ചെറുവരുമാനവും സുമനസ്സുകളുടെ സഹായവും കൊണ്ടാണ്. വർഷങ്ങൾക്കു മുൻപു കേരളത്തിൽ തെരുവു കച്ചവടത്തിന് എത്തിയതാണു മുരുകലക്ഷ്മിയുടെ മാതാപിതാക്കളായ ഷൺമുഖദാസും പേശിയമ്മയും.

റിപ്പോർട്ടുകൾ:
പി. ചന്ദ്രമോഹൻ
മണികണ്ഠൻ പാലിച്ചിയടുക്കം
കെ.എസ്. ഹരി
ചന്ദ്രദാസ് തൃക്കരിപ്പൂർ
സുധീരൻ മയിച്ച
കെ. ബാബു
ശ്യാം ബാബു വെള്ളിക്കോത്ത്
രവീന്ദ്രൻ കൊട്ടോടി
പ്രസന്നൻ കാരിയിൽ
കെ.ആർ. സാനു
പി.ഡി. വിനോദ്

2010 കോഴിക്കോട്
2009 കോഴിക്കോട്
2008 കോഴിക്കോട്
2007 കോഴിക്കോട്
2006 പാലക്കാട്
2005 പാലക്കാട്
2004 കോഴിക്കോട്
2003 എറണാകുളം
2002 കോഴിക്കോട്
2001 കോഴിക്കോട്
2000 എറണാകുളവും കണ്ണൂരും സംയുക്ത ജേതാക്കൾ
1999 തൃശൂർ
1998 കണ്ണൂർ
1997 കണ്ണൂർ
1996 തൃശൂർ
1995 എറണാകുളം
1994 തൃശൂർ
1993 കോഴിക്കോട്
1992 കോഴിക്കോട്
1991 കോഴിക്കോട്
1990 എറണാകുളം
1989 തിരുവനന്തപുരം

1967 കലോത്സവം നടന്നില്ല | 1968 ആലപ്പുഴ | 1969 ഇരിങ്ങാലക്കുട | 1970 ഇരിങ്ങാലക്കുട | 1971 ആലപ്പുഴ | 1972 നടന്നില്ല | 1973 നടന്നില്ല | 1974 തിരുവനന്തപുരം | 1975 കോട്ടയം | 1976 തിരുവനന്തപുരം | 1977 തിരുവനന്തപുരം | 1978 തിരുവനന്തപുരം | 1979 തിരുവനന്തപുരം | 1980 തിരുവനന്തപുരം | 1981 തിരുവനന്തപുരം | 1982 തിരുവനന്തപുരം | 1983 തിരുവനന്തപുരം | 1984 തിരുവനന്തപുരം | 1985 തിരുവനന്തപുരം | 1986 തിരുവനന്തപുരം | 1987 തിരുവനന്തപുരം | 1988 തിരുവനന്തപുരം